


# സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക്

പുറ. 15:1–18; അപ്പ. പ്രവ. 1:6–14; 2 റോമ 16:17–27; യോഹ. 2:1–12

ബ്ര. റിജോ ജോസഫ് MCBS

Vol. 12, Issue: 10

**ഭാ**രതീയരായ നാം ഇന്ന് രണ്ട് അമ്മമാരെ അനുസ്മരിക്കുന്നു. സ്വർഗീയ സ്വാതന്ത്ര്യത്തിലേക്ക് പറന്നുയർന്ന പരിശുദ്ധ കന്യകാമറിയത്തെയും വിദേശ അടിമത്വത്തിൽ നിന്ന് മോചിതയായ ഭാരതാംബയെയും. ഏവർക്കും സ്വർഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ ഏറെ സ്നേഹത്തോടെ നേരുന്നു.

ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ സഞ്ചാരിയായ രാകേശ് ശർമ്മയോട് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധി ചോദിച്ചു: “ആകാശത്തു നിന്നു നോക്കുമ്പോൾ നമ്മുടെ ഇന്ത്യ എങ്ങനെയിരിക്കുന്നു?” അദ്ദേഹം പറഞ്ഞു: “സാരേ ജഹാംസെ അച്ഛാ ഹമാരാ ഭാരത് - ലോകത്തിൽ വച്ച് ഏറ്റവും സുന്ദരമാണ് നമ്മുടെ ഭാരതം.” തന്റെ തിരുക്കുമാരന് ജന്മം നൽകാൻ സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്കു നോക്കിയ ദൈവം മറിയത്തെ നോക്കി ഇപ്രകാരം പറഞ്ഞിട്ടുണ്ടാവും ‘ലോകത്തിൽ വച്ച് ഏറ്റവും ശ്രേഷ്ഠയായ സ്ത്രീ.’’ ഒരു ആയുസ്സ് മുഴുവൻ ദൈവത്തോടു ചേർന്നു ജീവിച്ച അവളുടെ മനസിനെയും ആത്മാവിനെയും വഹിച്ച ആ ശരീരം അഴുകാനുള്ളതല്ല, എടുക്കപ്പെടാനുള്ളതാണ് - നിത്യതയുടെ സ്വർഗത്തിലേക്ക്.

രണ്ടാം ലോകമഹായുദ്ധം വിനാശം വിതച്ച ലോകത്തിൽ യുദ്ധത്തിന്റെ ക്രൂരതകൾ അവശേഷിപ്പിച്ച മരണത്തിന്റെയും പട്ടിണിയുടെയും സാമ്പത്തിക ക്ലേശത്തിന്റെയും അരക്ഷിതാവസ്ഥയുടെയും നടുവിൽ ധാർമ്മികതയും പ്രതീക്ഷയും ജീവിതത്തിന്റെയും ശരീരത്തിന്റെയും മഹത്വവും നഷ്ടപ്പെട്ട ലോകത്തിനു മുമ്പിൽ ‘അത്യുദാരനായ ദൈവം’ (munificentissimus deus) എന്ന പ്രമാണരേഖയിലൂടെ 1950 നവംബർ ഒന്നിന് 12-ാം പീയൂസ് പാപ്പ, പരിശുദ്ധ അമ്മ സ്വർഗാരോപിതയാണ് എന്ന വിശ്വാസസത്യം പ്രഖ്യാപിക്കുമ്പോൾ ആശയറ്റുപോയ മനുഷ്യമനസ്സുകൾക്ക് സ്വർഗീയസ്വാതന്ത്ര്യത്തിലേക്ക് പറന്നുയരാനുള്ള പ്രത്യാശയുടെ ചിറകുകൾ നൽകുകയായിരുന്നു. ജീവന് മൂല്യമുണ്ടെന്നും മനുഷ്യശരീരത്തിന് ഒരു സ്വർഗീയമാനമുണ്ടെന്നും ശരീരത്തെ മലിനമാക്കുന്ന സകല പ്രവർത്തികളിൽ നിന്നും നാം വിട്ടുനിൽക്കണമെന്നും സ്വർഗാരോപണത്തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ജനതകളുടെ പ്രകാശം (LG) എന്ന പ്രമാണരേഖയിലൂടെ സഭ പഠിപ്പിക്കുന്നത് “ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും സ്വതന്ത്രയായ നിർമ്മലകന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടു കൂടി സ്വർഗീയമഹത്വത്തിലേക്ക് ആരോപിതയായി” (LG 59) എന്നാണ്. ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ അമ്മ നമുക്ക് നൽകുന്ന സന്ദേശം, ഈ ലോകജീവിതത്തിനു ശേഷം സ്വർഗരാജ്യം സ്വന്തമാക്കണമെന്നും മരണസമയത്ത് നമ്മെ സ്വർഗത്തിലേക്ക് നയിക്കാൻ പരിശുദ്ധ അമ്മ മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യും എന്നതാണ്. ദൈവമാതാവ് സ്വർഗത്തിലേക്കുള്ള ഗോവണിയാണ്. ഈ ഗോവണി വഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗത്തി

ലേക്ക് കയറിപ്പോകാനാണ് എന്ന് വി. അംബ്രോസിന്റെ വാക്കുകൾ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥശക്തി ഉദ്ബോധിപ്പിക്കുന്നു.

മനുഷ്യചരിത്രത്തിൽ എല്ലായിടത്തും തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ അരങ്ങേറിയിട്ടുണ്ട്. 430 വർഷങ്ങളോളം ഈജിപ്തിന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത ദൈവപരിപാലനയാൽ ചെങ്കടൽ കടന്ന് സ്വാതന്ത്ര്യത്തിന്റെ നാട്ടിലേക്കുള്ള യാത്ര ആരംഭിച്ചപ്പോൾ തങ്ങളെ അടിമത്വത്തിൽ നിന്ന് വിമോചിപ്പിച്ച ദൈവത്തിനു മോശ സ്തോത്രഗീതം ആലപിക്കുന്നത് 1-ാം വായനയിൽ നാം ശ്രവിച്ചു. കർത്താവ് എന്നേക്കും രാജാവായി വാഴുമെന്ന വചനത്തിൽ ദൈവം ഒരു ജനതയ്ക്ക് നൽകാൻ പോകുന്ന സ്വാതന്ത്ര്യത്തിന്റെ നന്ദിപ്രകടനമാണ് ദൈവം രാജാവായി വാഴുന്ന ഭൂമിയിലെ സ്വർഗം. അപ്പസ്തോല പ്രവർത്തനങ്ങളിൽ നിന്നുള്ള രണ്ടാം വായനയിൽ, എല്ലാം നഷ്ടപ്പെട്ടെന്നു കരുതിയ ശിഷ്യഗണത്തെ പ്രത്യാശയോടെ കാത്തിരിക്കാൻ പ്രേരിപ്പിച്ചു കൊണ്ട് ഏകമനസ്സോടെ അവരെ പ്രാർത്ഥനയിൽ ഒന്നിപ്പിച്ചുനിർത്തിയ പരിശുദ്ധ അമ്മയെ നാം കണ്ടു. ദൈവം നമുക്കായി ഒരുക്കിവച്ചിരിക്കുന്ന സമയത്തിനായി പ്രത്യാശയോടെ കാത്തിരിക്കാനുള്ള ഓർമ്മപ്പെടുത്തലാണ് പരിശുദ്ധ അമ്മ നമുക്ക് നൽകുന്നത്. നമ്മെ ബലപ്പെടുത്താൻ കഴിവുള്ളവനാണ് ദൈവം എന്ന് റോമാ ലേഖനത്തിലൂടെ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ നമ്മുടെ ബലഹീനതകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രമാക്കാൻ ദൈവത്തിനു സാധിക്കുമെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു.

ഇന്നത്തെ സുവിശേഷഭാഗമായ കാനായിലെ വിവാഹവിരുന്നിൽ ക്ഷണിക്കപ്പെട്ടവൾ എന്നു ധരിച്ച് മാറി നിൽക്കാതെ മറ്റുള്ളവരുടെ അപമാനത്തിലേക്ക് ധൈര്യപൂർവ്വം കടന്നുചെല്ലുന്ന ആത്മീയസ്വാതന്ത്ര്യം പരിശുദ്ധ അമ്മയിൽ നാം കാണുന്നു. ഈശോയിൽ പരിശുദ്ധ അമ്മ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെ ഫലമാണ് കാനായിലെ അത്ഭുതം. അവർക്ക് വീഞ്ഞില്ല എന്ന ആശങ്ക അറിയിക്കുന്ന അമ്മയ്ക്ക് ഈശോ നൽകുന്ന മറുപടി, ''സ്ത്രീയേ, എന്റെ സമയം ഇനിയും ആയിട്ടില്ല'' എന്നാണ്. എന്നിട്ടും മറുചോദ്യങ്ങൾ ഒന്നുമില്ലാതെ ''അവൻ പറയുന്നതുപോലെ ചെയ്യുവിൻ'' എന്ന് ധൈര്യപൂർവ്വം പറയാനുള്ള സ്വാതന്ത്ര്യം അമ്മയ്ക്കുണ്ടായിരുന്നു. ഈ സ്വാതന്ത്ര്യം സമർപ്പണത്തിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യമാണ്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന യുവതിയുടെ അടുത്ത് തന്റെ തിരുക്കുമാരന് ജനിക്കാൻ ഒരിടം തരുമോ എന്നു ചോദിച്ച ദൈവത്തോട് വേണമെങ്കിൽ പരിശുദ്ധ അമ്മയ്ക്കും പറയാമായിരുന്നു എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന്. ദൈവപുത്രന് ജന്മം കൊടുത്തതു വഴി ജീവിതം മുഴുവൻ സമർപ്പിച്ച അമ്മയുടെ അഭ്യർത്ഥനക്കു മുമ്പിൽ അത്ഭുതങ്ങൾ സംഭവിക്കാതെ തരമില്ല. എവിടെ സമ്പൂർണ്ണ സമർപ്പണമുണ്ടോ അവിടെയൊക്കെ അത്ഭുതങ്ങൾ അരങ്ങേറും. നമുക്കും അമ്മയെപ്പോലെ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കാം.

നമുക്കു ചുറ്റുമുള്ളവരുടെയൊക്കെ ജീവിതം സ്വർഗോന്മുഖമാക്കുക എന്ന വലിയ ദൗത്യം കൂടി അമ്മ നമുക്ക് നൽകുന്നുണ്ട്. ലോകം മുഴുവൻ ഇന്ന് കോവിഡിന്റെ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ശൂന്യമായ കൽഭരണിയുമായി അത്ഭുതത്തിനായി കാത്തിരിക്കുന്ന അനേകം ആളുകൾ നമുക്കു ചുറ്റുമുണ്ട്. പ്രിയപ്പെട്ടവരുടെ വേർപാടും അനാരോഗ്യവും പട്ടിണിയും തൊഴിലില്ലായ്മയും ഏകാന്തതയും ഒക്കെ വേട്ടയാടുന്ന ഈ കാലഘട്ടത്തിൽ ദൈവം ഇടപെടുന്ന സമയത്തിനായി പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം. നല്ല നാളേക്കായുള്ള ഈ കാത്തിരിപ്പിൽ നമ്മുടെ ചുറ്റുമുള്ള വേദനിക്കുന്ന സഹോദരങ്ങളെയെല്ലാം അൽപം കാരുണ്യത്തോടെ, കരുതലോടെ നമുക്ക് ചേർത്തുനിർത്താം. നല്ല വാക്കുകളിലൂടെ, സാന്നിദ്ധ്യത്തിലൂടെ, ചെറിയ സഹായങ്ങളിലൂടെ നമ്മുടെ സഹോദരങ്ങളുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കാം. സുവിശേഷത്തിൽ ചുറ്റുമുള്ളവരുടെയൊക്കെ ജീവിതം സ്വർഗ്ഗോന്മുഖമാക്കിയ അമ്മയെ നാം കണ്ടുമുട്ടുന്നുണ്ട്. ഉടലിനെ കാൽവരിയാക്കുന്ന ഗർഭകാലത്തിന്റെ വേദനയിലൂടെ കടന്നുപോകുന്ന എലിസബത്തിന്റെ ജീവിതത്തെ ശുശ്രൂഷയിലൂടെ സ്വർഗ്ഗോന്മുഖമാക്കിയത് പരിശുദ്ധ അമ്മയാണ്. നിരാശ തളം കെട്ടി നിൽക്കേണ്ടിയിരുന്ന കാനായിലെ വിവാഹമുറ്റത്ത് അത്ഭുതകരമായ ഇടപെടലിലൂടെ അവരുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കിയത് അമ്മയാണ്. ഗുരുവിന്റെ മരണശേഷം കതകടച്ചിരുന്ന ശിഷ്യന്മർക്ക് ധൈര്യം പകർന്നുകൊടുത്ത് അവരുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കിയത് പരിശുദ്ധ അമ്മയാണ്. നമുക്കും ചുറ്റുമുള്ളവരുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കാൻ സാധിക്കട്ടെ.

കാനായിലെ അത്ഭുതത്തേക്കാൾ വലിയ അത്ഭുതത്തിന് നാം സാക്ഷ്യം വഹിക്കുന്നത് വിശുദ്ധ കുർബാനയിലാണ്. ''കാനായിൽ വെള്ളം വീഞ്ഞായി മാറിയെങ്കിൽ വിശുദ്ധ ബലിയിൽ വീഞ്ഞിനെ ഈശോ തന്റെ തിരുരക്തമാക്കി മാറ്റുന്നു'' എന്ന ജറുസലേമിലെ വി. സിറിലിന്റെ വാക്കുകൾ വിശുദ്ധ കുർബാനയാകുന്ന അത്ഭുതത്തിലേക്കുള്ള ക്ഷണമാണ്. സ്നേഹത്തിന്റെ ഈ വിരുന്നിൽ നിന്ന് ദൈവത്തെ സ്വന്തമാക്കി സ്വാതന്ത്ര്യത്തിന്റെ ചിറകു വിരിച്ച് പരിശുദ്ധ അമ്മയോടൊപ്പം സ്വർഗത്തിലേക്ക് നമുക്ക് പറന്നുയരാം. അവൻ പറയുന്നതുപോലെ ചെയ്യാനും ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ഈശോയിൽ നിന്ന് സ്വാതന്ത്ര്യത്തോടെ അനുഗ്രഹങ്ങൾ ചോദിച്ചുവാങ്ങാനും സഹോദരങ്ങളുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കാനും ദൈവത്തിന്റെ ആലയമായ നമ്മുടെ ശരീരത്തെ പരിശുദ്ധമായി കാത്തുസൂക്ഷിച്ച് സ്വർഗരാജ്യം ലക്ഷ്യമാക്കിയുള്ള ജീവിതം നയിക്കാനും ഈ ബലി നമുക്ക് ശക്തി പകരട്ടെ. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.